**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3256** **04-08-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര ആരോഗ്യമന്ത്രിയുടെ പ്രസ്താവന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് നൽകിയ പത്തു ലക്ഷം ഡോസ് കോവിഡ് വാക്സിൻ പാഴാക്കി എന്ന കേന്ദ്ര ആരോഗ്യമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഔദ്യോഗിക അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. കിട്ടുന്ന ഡോസിനെക്കാളും അധികം എടുക്കുന്ന സംസ്ഥാനമാണ് കേരളം. ഒരു തുള്ളി വാക്സിൻ പോലും സംസ്ഥാനം പാഴാക്കിയിട്ടില്ല. വാക്സിൻ ലഭ്യമാകുന്നതനുസരിച്ച് പരമാവധി വേഗത്തിൽ നൽകുന്നതിനാണ് കേരളം ശ്രമിക്കുന്നത്. |
| (ബി) | കേന്ദ്രം സംസ്ഥാനത്തിന് വിവിധ ഘട്ടങ്ങളിൽ അനുവദിച്ച വാക്സിൻ എപ്രകാരം വിനിയോഗിച്ചു എന്ന് വിശദമാക്കാമോ; | (ബി) | വാക്സിൻ വിതരണം വളരെ കാര്യക്ഷമമായി നടക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 03/08/2021 വരെ സംസ്ഥാനത്തിന് സർക്കാർ മേഖലയിൽ 1,81,76,070 ഡോസ് കോവിഡ് വാക്സിൻ ലഭിക്കുകയും 1,93,25,890 ഡോസുകൾ നൽകുകയും ചെയ്തു. സ്വകാര്യ മേഖലയിൽ 16,83,467 ഡോസുകൾ നൽകിയിട്ടുണ്ട്. സ്വകാര്യമേഖലയ്ക്കായി നീക്കിവച്ചിരിക്കുന്ന 25% ദേശീയ ക്വാട്ടയിൽ നിന്ന് പരമാവധി അളവിൽ പ്രതിരോധ കുത്തിവയ്പ്പുകൾ ലഭ്യമാക്കുന്നതിന് സംസ്ഥാനം സ്വകാര്യ ആശുപത്രികളെ പിന്തുണയ്ക്കുന്നുണ്ട്. വലിയ അളവിൽ വാക്സിനുകൾ ഒരുമിച്ച് നൽകിയാൽ ഒരു ദിവസം 5ലക്ഷത്തിലധികം ഉണഭോക്താക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകാമെന്ന് സംസ്ഥാനം തെളിയിച്ചിട്ടുമുണ്ട്. |
| (സി) | കോവിഡ് വാക്സിൻ നൽകുന്നതിൽ പാർട്ടി അടിസ്ഥാനത്തിൽ മുൻഗണന നൽകുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ ആക്ഷേപം പരിഹരിയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | കേന്ദ്ര ആരോഗ്യമന്ത്രാലയവും സംസ്ഥാന ആരോഗ്യ വകുപ്പും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾ പ്രകാരമുള്ള മുൻഗണനാ ക്രമമനുസരിച്ചാണ് സംസ്ഥാനത്ത് വാക്സിൻ വിതരണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ